| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.34 | 08/06/2015 ൽ മറുപടിക്ക് |
| സംസ്ഥാനത്തെ സിവിൽ സർവീസ് അഴിമതി | |
| ചോദ്യം | മറുപടി |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ സംസ്ഥാനത്ത് സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (എ) | സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരടക്കം എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടേയും പേരിൽ ആരോപിക്കപ്പെടുന്ന അഴിമതി ആരോപണങ്ങളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കഴിയുന്നുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ, അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, റാലികൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഇവയുടെ പരസ്യം ഇതിനായി വ്യാപകമായി നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന എല്ലാ വകുപ്പുകളിലും നടത്താൻ ശ്രമിക്കുന്നു. കൂടാതെ മറ്റ് വകുപ്പുകളിലെ വിജിലൻസ് മേധാവികളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എല്ലാ സർക്കാർ വകുപ്പുകളിലും വിജിലൻസ് വിഭാഗം രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (ബി) | പ്രസ്തുത നടപടികൾ പര്യാപ്തമാണ്. അഴിമതി കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നതിനോടൊപ്പം അഴിമതി തടയാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ "വിജിലന്റ് കേരള" എന്ന ഒരു പുതിയ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ വകുപ്പുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകം പ്രത്യേകം വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. അത്തരം സെല്ലുകൾ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ